<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 828</u> <u>30-06-2022 - ൽ മറുപടിയ്ക്ക്</u>

<u>ഐ.ടി.ഐ.കളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടിവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ഉണ്ട്.പട്ടികജാതി പട്ടികവർഗ്ഗ വികസന വകിപ്പിന്റെ ഐ റ്റി ഐകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഐ.ടി.ഐ-കൾക്കായി 3.306 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കാലപ്പഴക്കമുള്ളതും, ശോച്യാവസ്ഥയിലായതുമായ ഓട്/ഷീറ്റ് മേഞ്ഞ കെട്ടിടങ്ങൾക്ക് പകരം ആധുനിക സൗകര്യങ്ങളോടെ പുതിയ കെട്ടിടങ്ങൾ നിർമ്മാണം നടത്തി വരുന്നു. അതോടൊപ്പം പരിശീലന കേന്ദ്രങ്ങളിൽ ആവശ്യമായ അറ്റകുറ്റ പണികളും, Renovation പ്രവർത്തികളും നടത്തി വരുന്നു. വിവിധ ഐ.റ്റി.ഐ കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഐ.റ്റി.ഐ കളിൽ പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും വാങ്ങി നൽകുന്നു.എല്ലാ ഐ.ടി.ഐ കളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ ഇടുക്കി ഐ.റ്റി.ഡി.പി യുടെ അധികാര പരിധിയിലുള്ള നാട്ടുകാണി ഐ.റ്റി.ഐ യിൽ കിഫ്ബി പദ്ധതിയിൽപ്പെടുത്തി 3.84 കോടി രൂപ ചെലവിൽ പുതിയ അക്കാഡമിക് ബ്ലോക്കിന്റെയും 3.31 കോടി രൂപ ചെലവിൽ 100 പേർക്ക് താമസ സൗകര്യമുള്ള പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മികച്ച ഭൗതിക സൗകര്യമുള്ള ഐ റ്റി ഐ കളിൽ കൂടുതൽ തൊഴിൽ സാധ്യതയുള്ള ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.. |

സെക്ഷൻ ഓഫീസർ